ക്കാത്തതിൽ പ്രതിഷേധിച്ചുകൊണ്ടാണ് ഫെബ്രുവരി 9-ന് ജീവനക്കാർ അനിശ്ചിതകാല പണിമുടക്ക് പ്രഖ്യാപിക്കാൻ നിർബന്ധിതമായത്. എന്നാൽ 12.2-ന് സർക്കാർ ഇറക്കിയ ഉത്തരവുപ്രകാരം സർക്കാർ ജീവനക്കാർക്കെന്നപോലെ കോർപ്പറേഷൻ ജീവനക്കാർക്കും 1.3.1997 മുതൽ മുൻകാല പ്രാബല്യത്തോടുകൂടി ശമ്പള പരിഷ്കരണം അനുവദിച്ചിട്ടുണ്ടെങ്കിലും the arrears will be paid only after the corporation paid sufficient fund എന്നാണ് ആ ഉത്തരവിൽ കൂടിശ്ശിക നൽകുന്നതിനെ സംബന്ധിച്ച് പറഞ്ഞിട്ടുള്ളത്. അത് സമാന സ്ഥാപനങ്ങളിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയപ്പോൾ കുടിശ്ശിക നൽകുന്നതിനായി അംഗീകരിച്ച പൊതു സമീപനത്തിന് നിരക്കുന്നതല്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഇടപെട്ട് കുടിശ്ശിക നൽകുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന തർക്കം അടിയന്തിരമായി പരിഹരിക്കാൻ ആവശ്യമായ നടപടി കൈക്കൊണ്ട് സമരം അവസാനിപ്പിക്കാൻ അനുകൂലമായ സാഹചര്യം ഏർപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ : ശ്രീ. തേറമ്പിൽ രാമകൃഷ്ണനും ഇതുസംബന്ധിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ യൂണിയനും അവിടെ സമരത്തിൽ പങ്കെടുക്കുന്നുണ്ട്.

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനിലെ ജീവനക്കാർ അനിശ്ചിതകാലമായി സമരം നടത്തിവരികയാണ്. ആ സമരത്തിനാധാരമായ കാര്യങ്ങളെല്ലാംതന്നെ പരിഹരിക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നതിന്റെ ഭാഗമായിട്ടാണ് ശമ്പള പരിഷ്കരണവും അതുപോലെ ദീർഘകാലമായി അവരുടെ ആവശ്യമായ ഡയിംഗ് ഇൻ ഹാർനസിന്റെ ആനുകൂല്യം അവർക്ക് ലഭിക്കണമെന്നുള്ളതും അംഗീകരിക്കാൻ തയ്യാറാണ്. എന്നാൽ ജീവനക്കാരുടെ ശമ്പള പരിഷ്കരണവും ഡയിംഗ് ഇൻ ഹാർനസ് പോലുള്ള മറ്റ് ആനുകൂല്യങ്ങളുമെല്ലാം തന്നെ അരിയർ അടക്കം കൊടുത്തുതീർക്കാനുള്ള നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചത്. അരിയർ കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ച് ഓർഡർ ഇറക്കിയപ്പോൾ ഒരു വാക്കിലുണ്ടായ ഒരു പ്രശ്നത്തിന്റെ മുകളിലാണ് ഇപ്പോൾ സമരം തുടർന്നുവരുന്നത്. ആ കാര്യം പരിശോധിച്ച് പരിഹാരം കാണാനുള്ള നടപടി സ്വീകരിക്കുന്നതും അതുപോലെ ജീവനക്കാരുടെ മറ്റ് പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതുമാണ്. അതിന്റെ അടിസ്ഥാനത്തിൽ അവർ സമരം പിൻവലിക്കണമെന്ന് രണ്ട് ബഹുമാന്യരായ എം.എൽ.എ.മാരും അഭ്യർത്ഥിക്കണം.

(13) ഷൊർണൂർ-നിലമ്പൂർ ലൈനിൽ ഓടുന്ന തീവണ്ടിയിലെ ബോഗികളുടെ ശോച്യാവസ്ഥയും നഞ്ചൻകോട്-നിലമ്പൂർ റെയിൽവേ ലൈൻ നിർമ്മിക്കേണ്ടതിന്റെ ആവശ്യകതയും

ശ്രീ. ആര്യാടൻ മുഹമ്മദ് : ഷൊർണ്ണൂർ - നിലമ്പൂർ റെയിൽവേ ലൈനിൽ ഇപ്പോൾ ഒരു വണ്ടികൂടെ ഓടുന്നുണ്ട്. പക്ഷെ അതിലെ ബോഗികൾ വളരെ പഴക്കം ചെന്നതാണ്. അതിനകത്ത് കയറിയിരിക്കാൻപോലും കഴിയുകയില്ല. അതിനകത്ത് കയറിയിരുന്നാൽ രോഗം പിടിപെടും. ട്രെയിൻ കയറാൻ പോകുന്ന ആളുകൾ ന്യൂസ് പേപ്പർകൊണ്ടാണ് പോകുന്നത്. ആ ന്യൂസ് പേപ്പർ വിരിച്ച് അല്ലെങ്കിൽ ബഡ്ഷീറ്റ് വിരിച്ച് അതിന് മുകളിലാണ് ഇരിക്കുന്നത്. ആ വണ്ടി ഒരു കാലത്തും കഴുകുന്നില്ല. എനിക്ക് ബഹുമാനപ്പെട്ട മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

യോട് പറയാനുള്ളത് ഒരു ദിവസം ഷൊർണൂരിൽനിന്നും നിലമ്പൂരിലേക്കു പോകുന്ന വണ്ടിയിൽ കയറി അങ്ങ് ഒന്ന് നോക്കണമെന്നാണ്. ഇത്രയും വൃത്തികെട്ടതും ഉപയോഗശൂന്യമായതുമായ വണ്ടി ഇൻഡ്യാ രാജ്യത്തുണ്ടാകുകയില്ല. രണ്ടാമത് നിലമ്പൂർ മുതൽ മേലാറ്റൂർവരെ ട്രാക്ക് നന്നാക്കുന്നതുകൊണ്ട് സ്പീഡ് വളരെ കുറവാണ്. മുഴുവൻ മണ്ണ് ഇട്ടിരിക്കുകയാണ്. ആ മണ്ണ് ട്രാക്കിൽ കിടക്കുന്നതുകൊണ്ട് ആളുകൾക്ക് ഒട്ടും യാത്ര ചെയ്യാൻ കഴിയുകയില്ല. അതുകൊണ്ട് വണ്ടി വൃത്തിയാക്കണം, നല്ല വണ്ടി ഓടിക്കണം, അതിന്റെ ബോഗികൾ ശരിയാക്കണം, നിലമ്പൂർ - മേലാറ്റൂർവരെയുള്ള ട്രാക്ക് ശരിയാക്കണം. അതേയവസരത്തിൽ മറ്റൊരു കാര്യംകൂടിയുള്ളത് നഞ്ചൻകോട്-നിലമ്പൂർ റെയിൽവേയുടെ കാര്യം കേന്ദ്രഗവൺമെന്റ് എല്ലാ നിലയിലും അവഗണിച്ചിരിക്കുകയാണ്. ഞാൻ ആ കാര്യം ഈ സന്ദർഭത്തിൽ പറയുന്നില്ല. നഞ്ചൻകോട്നിന്ന് ഷൊർണ്ണൂരുമായിട്ട് കണക്ട് ചെയ്താൽ 100 കിലോമീറ്ററോളം ലാഭിക്കാൻ സാധിക്കും. എന്നുമാത്രമല്ല മൈസൂർ, ബാംഗ്ലൂർ, മദ്രാസ് തുടങ്ങിയ പ്രദേശത്തെ ആളുകൾക്കുകൂടി വരാനും കഴിയും. അതുകൊണ്ട് വയനാട്, മേപ്പാടി, നഞ്ചൻകോട് നിലമ്പൂർവഴി കണക്ട് ചെയ്യാൻ വേണ്ടി കഴിയണം. ആ കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) : സർ, ഷൊർണ്ണൂർ-നിലമ്പൂർ ലൈനിൽ ഓടുന്ന തീവണ്ടികളിലെ ബോഗികൾ വൃത്തികെട്ടതാണെന്നുള്ള പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതി പരിഹരിക്കുന്നതിനായി 11.1.2000-ന് റെയിൽവേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. നഞ്ചൻകോട്-നിലമ്പൂർ ലൈനിന്റെ നിർമ്മാണ പദ്ധതികളൊന്നും നിലവിലില്ലെന്ന് റെയിൽവേ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഷൊർണ്ണൂർ-നിലമ്പൂർ ലൈനിൽ ഓടുന്ന ട്രെയിനിലെ ബോഗികൾ വൃത്തിയായി സൂക്ഷിക്കണമെന്ന് പാലക്കാട് റെയിൽവേ ഡിവിഷൻ മാനേജരോട് വീണ്ടും ആവശ്യപ്പെടുന്നതാണ്. കേരളത്തിലെ റെയിൽവേ വികസനത്തിന്റെ ഭാഗമായി നഞ്ചൻകോട് - നിലമ്പൂർ ലൈനിന്റെ നിർമ്മാണം റെയിൽവേ ബോർഡിനോട് ആവശ്യപ്പെടുന്നതാണ്.

(14) പാറശ്ശാലയിൽ അനുവദിച്ചിട്ടുള്ള കെ.എസ്.ആർ.ടി.സി. റീജിയണൽ വർക്ക്ഷോപ്പിന്റെ പണി

ശ്രീ. എൻ. സുന്ദരൻ നാടാർ : കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ് പാറശ്ശാലയിലെ റീജിയണൽ വർക്ക് ഷാപ്പിന്റെ പണി. അത് അടിയന്തിരമായി ആരംഭിക്കണം. തിരുവനന്തപുരം ജില്ല 1960-ൽ പൂർണ്ണമായി ദേശസാൽക്കരിച്ച ഒരു മേഖലയാണ്. ബസുകൾക്ക് കൃത്യമായി ബോഡി ബിൽഡിംഗ് നടത്താനോ റീകണ്ടീഷനിംഗ് നടത്താനോ യാതൊരു സൗകര്യവുമില്ലാത്തതുകൊണ്ടാണ് ഈ ജില്ലയിൽ എവിടെയെങ്കിലും റീജിയണൽ വർക്ക് ഷോപ്പ് ആരംഭിക്കണമെന്ന് കെ.എസ്.ആർ.ടി.സി. തീരുമാനിച്ചത്. ഗവൺമെന്റുമായിട്ട് ആലോചിച്ചതിന്റെ ഫലമായി 1985-ൽ പാറശ്ശാലയിൽ 8.80 ഏക്കർ സ്ഥലം പൊന്നുംവിലക്കെടുക്കുകയും പണി ആരംഭിക്കുകയും ചെയ്തു. എന്തെങ്കിലും ചെയ്തത് ഞാൻ മന്ത്രിയായിരുന്നപ്പോഴാണ്. 27,000 പേർക്ക് പെൻഷൻ കൊടുത്തു. വണ്ടികളും ഓടി. അക്കാര്യം എനിക്ക് അഭിമാനത്തോടുകൂടി പറയാൻ കഴിയും, എല്ലാവർക്കുമറിയാം. നമുക്ക് ഈ ബസ്സുകൾക്ക് ബോഡി ബിൽഡിംഗ് നടത്തുന്നതിനും റീകണ്ടീഷ

LIBRARY ARCHIVES Kerala Legislative Assembly